# ആമുഖം

 തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി ബ്ലോക്കിലെ 4 സി ഡി എസ് കളിൽ ഒന്നാണ് എളവള്ളി സി ഡി എസ് .16 വാർഡുകളിൽ ആയി 218 അയൽക്കൂട്ടങ്ങൾ ആണ് ഉള്ളത്.പ്രസ്തുത അയൽക്കൂട്ടങ്ങളിൽ ആയി 91 jlg ഗ്രൂപ്പുകളും 50 ബാലസഭയും അമ്പതോളം സംരംഭക ഗ്രൂപ്പുകളും ഉണ്ട് .ഒരു വനിതാ കാന്റീനും അതിൽ ഉൾപ്പെടുന്നു .വനിതാ കാന്റീൻ ഇപ്പോൾ ജനകീയ ഹോട്ടൽ ആയി പ്രവർത്തിച്ചു പോരുന്നു .  പഞ്ചായത്ത് അധികൃതരും ആരോഗ്യ പ്രവർത്തകരും ജനപ്രതിനിധികളും സന്നദ്ധസേവകരും ജനങ്ങളും അടക്കം വളരെ ഒത്തൊരുമയോടെ സി ഡി എസ് നൊപ്പം പ്രവർത്തിച്ചു വരുന്ന ഒരു ഗ്രാമ പ്രദേശം ആണ് എളവള്ളി പഞ്ചായത്ത് .

കൊറോണ ലോക്ക് ഡൌൺ കാലത്തെ പ്രവർത്തനങ്ങൾ

പ്രതീക്ഷിക്കാതെ വന്നുചേർന്ന മഹാ വിപത്തിൽ ഒന്ന് പതറിയെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് തണലേകാൻ കുടുംബശ്രീക്ക് 100 ശതമാനം സാധിച്ചു എന്ന് പറയാം.ആദ്യമായി മുകളിൽ നിന്നും വരുന്ന നിർദേശങ്ങൾ താഴെത്തട്ടിൽ എത്തിക്കാൻ എ ഡി എസ് തലത്തിലും അയൽക്കൂട്ട തലത്തിലും വാട്സ് ആപ്പ് ഗ്രൂപ്പുകൾ ആരംഭിച്ചു .ആരോഗ്യ വകുപ്പിന്റെയും ജില്ലാമിഷന്റെയും നിർദേശങ്ങൾ കൃത്യമായി താഴേക്കെത്തിക്കാൻ ഇത് വഴി കഴിഞ്ഞു .

ആശ്രയ ഗുണഭോക്താക്കൾക്ക് വേണ്ട കിറ്റുകൾ സി ഡി എസ് മുഖേന അവരുടെ വീടുകളിൽ എത്തിക്കാനും അവരുടെ സുഖ വിവരങ്ങൾ ഫോണിൽ അന്വേഷിക്കാനും സി ഡി എസ് മുൻകൈ എടുത്തിട്ടുണ്ട് .ജോലിക്ക് പോകാൻ സാധിക്കാതെ ഭക്ഷണത്തിനു ബുദ്ധിമുട്ട് അനുഭവിക്കുന്ന വീടുകളിൽ കമ്മ്യൂണിറ്റി കിച്ചൻ വഴി ഫ്രീ ആയി ഭക്ഷണം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്




ആരോഗ്യ വകുപ്പുമായി ചേർന്ന് ആയിരത്തോളം തൂവാലകളും മാസ്കുകളും സൗജന്യമായി വിതരണം ചെയ്തു .തൊഴിലുറപ്പു വിഭാഗവും ആയി ബന്ധപ്പെട്ട് മാസ്കുകൾ വിതരണം ചെയ്തു. ആശ്രയ ഗുണ ഭോക്താക്കൾ ,വയോജനങ്ങൾ എന്നിവർക്ക് സൗജന്യം ആയി മാസ്കുകൾ വീടുകളിൽ എത്തിച്ചു കൊടുത്തു .കുടുംബശ്രീ jlg ഗ്രൂപ്പുകൾ സൗജന്യം ആയി ആണ് കമ്മ്യൂണിറ്റി കിച്ചണിലേക്ക് പച്ചക്കറികൾ കൊടുത്തിരുന്നത് .mksp യുടെ ഭാഗം ആയി മൈക്രോ ഗ്രീൻ ക്യാമ്പയ്ഗൻ ,ചാ ചാ മച്ചാ ക്യാമ്പയ്ഗൻ എന്നിവയിലും അംഗങ്ങൾ ആവേശപൂർവം പങ്കെടുത്തു .ലോക്ക് ഡൌൺ ഭാഗം ആയി നടത്തിയ കുക്കറിഷോയിലും അംഗങ്ങൾ പങ്കെടുത്തിരുന്നു .

jlg ക്കാരുടെ പച്ചക്കറികൾ ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി വീട്ടുമുറ്റത്തൊരു പച്ചക്കറിവണ്ടി എന്ന പദ്ധതിയിലേക്ക് എളവള്ളി സി ഡി എസ് ഇൽനിന്നും പച്ചക്കറികൾ നൽകി.supplyco നൽകിയ കിറ്റുകൾ പാക്ക് ചെയ്യുന്നതിൽ കുടുംബശ്രീ സി ഡി എസ് അംഗങ്ങളും ബാലസഭാ അംഗങ്ങളും പങ്കെടുത്തിരുന്നു .






ബാലസഭാ അംഗങ്ങൾ ആയ കുട്ടികൾ അമ്മമാരോടൊപ്പം ബാല കൃഷിയിലേക്ക് ഇറങ്ങി .കുട്ടികൾക്ക് മാനസിക ഉല്ലാസത്തോടൊപ്പം കൃഷിയിൽ പുതിയ അറിവുകൾ ലഭിക്കാൻ ഇത് മൂലം സാധിച്ചു.കൂടാതെ അവർക്കു നൽകിയ ഈ കൊറോണ കാലത്തു എന്ന കാമ്പയിനിൽ കുട്ടികൾ ആവേശ പൂർവം പങ്കെടുക്കുകയും വീട്ടിൽ ഇരുന്നുകൊണ്ട് തന്നെ കുട്ടികളുടെ കലാപരമായ കഴിവുകൾ പുറത്തു കൊണ്ടുവരാനും അത് പ്രദർശിപ്പിക്കാനും കഴിഞ്ഞുകൂടാതെ ബോട്ടിൽ ആർട് ചെയ്തും കുട്ടികൾ അവരുടെ കഴിവുകൾ തെളിയിച്ചു .

സന്നദ്ധ സേവനനത്തിലും സി ഡി എസ് മെമ്പർമാർ രജിസ്റ്റർ ചെയ്യുകയും മറ്റു വകുപ്പുകളുമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു .മുഖ്യ മന്ത്രിയുടെ സഹായ ഹസ്തം എന്ന വായ്പ പദ്ധതിയിലൂടെ അയ്യായിരം മുതൽ ഇരുപതിനായിരം രൂപ വരെ കുടുംബശ്രീ അംഗങ്ങൾക്ക് നല്കാൻ സാധിച്ചിട്ടുണ്ട് .








ജില്ലാ മിഷനിൽ നിന്നും കിട്ടിയ നിർദേശങ്ങൾ അനുസരിക്കുക കൂടാതെ സി ഡി എസ്സ് സ്വന്തം നിലയിലും കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ട് ഇറങ്ങുന്നുണ്ട് .കോവിഡ് 19 എന്ന മഹാമാരിയെ പിടിച്ചു കെട്ടാൻ സർക്കാരും കുടുംബശ്രീ ജില്ലാമിഷനും നിർദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും സി ഡി എസ് ഭരണ സമിതിയും കുടുംബശ്രീ അംഗങ്ങളും മുന്നിൽ തന്നെ എന്നും ഉണ്ടാകും .

റിപ്പോർട്ട് തയ്യാറാക്കിയത്

സിനി രാജ് പി

ബ്ലോക്ക് കോർഡിനേറ്റർ

9947542835

രാഖി

സി ഡി എസ് ചെയർപേഴ്സൺ  ph no:9061062465

**ഫോൺ നമ്പർ -9061162465**

**mksp ബ്ലോക്ക് കോർഡിനേറ്റർ**

**മുല്ലശ്ശേരി ബ്ലോക്ക്**

**ഫോൺ നമ്പർ 9947542835**